# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1574

06.03.2017-ൽ മറുപടിക്ക്

### ഫണ്ട് വിനിയോഗത്തിനു സമയം നീട്ടി നൽകൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.സത്യൻ | ഡോ. കെ. ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് നോട്ട് പ്രതിസന്ധിയെ തുടർന്നുണ്ടായ സ്തംഭനാവസ്ഥ നിർമ്മാണ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടോ; ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിലെ തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനം തടസ്സപ്പെട്ടിട്ടുണ്ടോ; ഫണ്ട് വിനിയോഗത്തിന് സമയം നീട്ടി ലഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | എ) ഉണ്ട്. പൂർത്തീകരിച്ച പ്രവൃത്തികൾക്ക് ബിൽ തുക മാറി നൽകാൻ കഴിയാതിരുന്നതിനാൽ തുടർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിട്ടിട്ടുണ്ട്.<br>നോട്ട് നിരോധനത്തെ തുടർന്നുണ്ടായ സ്തംഭനാവസ്ഥ സംസ്ഥാനത്തെ നിർമ്മാണ മേഖലയിൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി പ്രവർത്തനം തടസ്സപ്പെട്ടിട്ടുണ്ട്.<br>നോട്ട് അസാധുവാക്കലിനെ തുടർന്നുണ്ടായ ബാങ്കിംഗ് നിയന്ത്രണങ്ങളുടെ ഫലമായി നഗരസഭകളുടെ പദ്ധതി പ്രവർത്തനത്തിന് ബുദ്ധിമുട്ടുകളുണ്ടായിട്ടുണ്ട്. ഫണ്ട് വിനിയോഗത്തിന് സമയം നീട്ടി നൽകാൻ തീരുമാനിച്ചിട്ടില്ല. |
| ബി) പദ്ധതി അടങ്കൽ തുകയ്ക്ക് ടാർ ലഭ്യമാകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അധികമായി വരുന്ന തുക കണ്ടെത്താൻ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ടോ; പദ്ധതി പ്രവർത്തനത്തെ ഇത് ബാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | ബി) ഇല്ല. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾക്ക് ആവശ്യമായ ടാർ വാങ്ങി നൽകുന്നതിന് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ടാർ വാങ്ങി നൽകുന്നതിനുള്ള പ്രവൃത്തിയുടെ |

അടങ്കൽ തുക 15 ലക്ഷത്തിൽ നിന്നും 30 ലക്ഷമാക്കി ഉയർത്തിയിട്ടുണ്ട്. ടാർ വാങ്ങുന്നതിനുള്ള അധിക തുക കണ്ടെത്തുന്നതിന് 27/02/2017 ലെ 114/ഡി.എ 1/2017/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. സാങ്കേതികാനുമതി, ടെണ്ടറിംഗ് എന്നിവ നഗരസഭകളിൽ പൂർത്തിയായി വരുന്നതേയുള്ളൂ എന്നതിനാൽ പദ്ധതി പ്രവർത്തനത്തെ ദോഷകരമായി ബാധിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ